"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. - കോഴിക്കോട് ജില്ല - കുന്നുമ്മൽ ബ്ലോക്കിലെ കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ ടാക്കീസ് കൂടത്തിൽ മുക്ക് റോഡ് പുനരുദ്ധാരണ പ്രവൃത്തി കരാറിലേർപ്പെടാനുണ്ടായ കാലതാമസം സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.242/2025/DMD തീയതി,തിരുവനന്തപുരം, 16-04-2025

---

പരാമർശം:-
1. 19/02/2024 ലെ സ.ഉ.(സാധാ)നം.208/2024/ഡി.എം.ഡി
2. കോഴിക്കോട് ജില്ലാ കളക്ടറുടെ 03.04.2025 ലെ DCKKD/5680/2024-F6 നമ്പർ കത്ത്.

**ഉത്തരവ്**

എസ്.ഡി.ആർ.എഫ് മാനദണ്ഡ പ്രകാരം കാലവർഷക്കെടുതികളിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം 10,00,000/- (10 ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി ലഭിച്ച കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ ബ്ലോക്കിലെ കുന്നുമ്മൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ടാക്കീസ് കൂടത്തിൽ മുക്ക് റോഡ് പുനരുദ്ധാരണ പ്രവൃത്തി സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടി പൂർത്തിയാക്കിയെങ്കിലും പ്രവൃത്തി കരാറിലേർപ്പെടാൻ വൈകിയതെന്നും എന്നാൽ ടി പ്രവൃത്തി ഭരണാനുമതി കാലാവധിക്കുള്ളിൽ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രവൃത്തിയുടെ കരാറിൽ ഏർപ്പെടുന്നതിലുണ്ടായ കാലതാമസം സാധൂകരിച്ച് അന്തിമബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശിത കത്ത് പ്രകാരം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ ബ്ലോക്കിലെ കുന്നുമ്മൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ടാക്കീസ് കൂടത്തിൽ മുക്ക് റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ കരാറിൽ ഏർപ്പെടാനുണ്ടായ കാലതാമസം സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JUSTIN JOY J
അണ്ടർ സെക്രട്ടറി

ജില്ലാ കളക്ടർ, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. DMB3/90/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 16-04-2025 11:34:56
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്